"ഭരണഭാഷ - മാതൃഭാഷ"

**കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്**

(1956-ലെ കമ്പനീസ് ആക്ട് പ്രകാരം രൂപീകൃതം)

രജി. ഓഫീസ് : വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം - 695 004, കേരള
ടെലഫോൺ നം. : 91 471 2514468, 2514206, 2514587, 2514365
ഫാക്സ് : 0471 2446480, ഇമെയിൽ : dpr@kseb.in
വെബ് സൈറ്റ് : www.kseb.in CIN : U40100KL2011SGC027424

**സംഗ്രഹം**

പബ്ളിക് റിലേഷൻസ് വകുപ്പ് - സർക്കാർ ജീവനക്കാർ പൊതുജനങ്ങളിൽ നിന്നും സേവനങ്ങൾക്കായി പണമോ പാരിതോഷികമോ ആവശ്യപ്പെടുന്നത് കുറ്റകരം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**കോർപ്പറേറ്റ് ഓഫീസ് (പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ്)**

**ബോ.ഉ(എഫ്.ടി.ഡി) നം.258/2021(പി.ആർ/എം.സി-5/695/2021)**

**തിരുവനന്തപുരം, തീയതി 21/04/2021**

---

പരാമർശം : 1) സെക്രട്ടറി, വിജിലൻസ് (ഇ) വകുപ്പ്, തിരുവനന്തപുരത്തിന്റെ 02.12.2020-ലെ വിജി-ഇ 3/237/2020-വിജി നമ്പർ കത്ത്.

2) 08.04.2021-ന് ചീഫ് പേഴ്സണൽ ഓഫീസർ ഇൻ ചാർജ്ജ് ഓഫ് ചീഫ് പബ്ലിക് റിലേഷൻസ് ഓഫീസർ ഫുൾടൈം ഡയറക്ടർമാർക്ക് സമർപ്പിച്ച നം.പി.ആർ/എം.സി-5/695/2021 കുറിപ്പ്. (അജൻഡ നമ്പർ 17/4/21).

**ഉത്തരവ്**

സർക്കാർ ജീവനക്കാർ പൊതുജനങ്ങളിൽ നിന്നും സേവനങ്ങൾക്കായി പണമോ പാരിതോഷികമോ ആവശ്യപ്പെടുന്നത് കുറ്റകരമാണെന്നും അങ്ങനെ ആരെങ്കിലും ആവശ്യപ്പെടുന്നുണ്ടെങ്കിൽ വിജിലൻസിനെ അറിയിക്കണമെന്നും നിർദ്ദേശിച്ചുകൊണ്ടുള്ള നോട്ടീസ് ബോർഡ് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ അഡ്രസ്സും ഫോൺ നമ്പരും സഹിതം പ്രദർശിപ്പിക്കാനും എല്ലാ സർക്കാർ സ്ഥാപനങ്ങൾക്കും സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങൾക്കും സർക്കാർ ഉത്തരവ് നൽകിയിരുന്നു. അഴിമതി സംബന്ധിച്ചുള്ള പരാതി സ്വീകരിക്കുന്നതിനായി വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറേറ്റിൽ പ്രവർത്തനം ആരംഭിച്ച ടോൾഫ്രീ നമ്പരായ 8592900900 എല്ലാ സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിലും പ്രദർശിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ നിർദ്ദേശിച്ചിരുന്നെങ്കിലും പലയിടത്തും ജീവനക്കാർ തന്നെ മറച്ചുവച്ച രീതിയിലും പൊതുജനങ്ങൾക്ക് കാണാനാകാത്ത രീതിയിലുമാണെന്ന് വിജിലൻസ് ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി. ഈ സാഹചര്യം സർക്കാർ ഗൗരവമായി കാണുകയും എല്ലാ വകുപ്പ് മേധാവികളും അവരുടെ നിയന്ത്രണത്തിലുള്ള സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിൽ മേൽ പരാമർശിച്ച പരസ്യബോർഡ് വിജിലൻസ് ഡയറക്ടറേറ്റിലെ ടോൾഫ്രീ നമ്പർ 1064, 8592900900 എന്നിവയും കൂടി ചേർത്ത് അടിയന്തിരമായി പരസ്യപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചുകൊണ്ട് സെക്രട്ടറി, വിജിലൻസ് (ഇ) വകുപ്പ് കത്ത് നൽകിയിട്ടുണ്ട്.

(മറുപുറം)

വിഷയം സൂചന (2) കുറിപ്പ് പ്രകാരം മുഴുവൻ സമയ ഡയറക്ടർമാരുടെ പരിഗണനയ്ക്കായി സമർപ്പിക്കുകയുണ്ടായി.

16.04.2021-ന് ചേർന്ന മുഴുവൻ സമയ ഡയറക്ടർമാരുടെ യോഗം വിശദമായി പരിഗണിക്കുകയും സർക്കാർ ജീവനക്കാർ പൊതുജനങ്ങളിൽ നിന്നും സേവനങ്ങൾക്കായി പണമോ പാരിതോഷികമോ ആവശ്യപ്പെടുന്നത് കുറ്റകരമാണെന്നും അങ്ങനെ ആരെങ്കിലും ആവശ്യപ്പെടുന്നുണ്ടെങ്കിൽ വിജിലൻസിനെ അറിയിക്കണമെന്നും നിർദ്ദേശിച്ചുകൊണ്ടുള്ള നോട്ടീസ് ബോർഡ് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ അഡ്രസ്സും ഫോൺ നമ്പരും സഹിതം പ്രദർശിപ്പിക്കുന്നതിനും, ഈ വിവരം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ എല്ലാ ഓഫീസുകളിലും അറിയിക്കുന്നതിനുമായി ഒരു പരിപത്രം പുറപ്പെടുവിക്കുന്നതിനും അനുവാദം നൽകുകയുണ്ടായി.

ഇതനുസരിച്ച് ഉത്തരവ് പുറപ്പെടുവിച്ചുകൊള്ളുന്നു.

ഫുൾടൈം ഡയറക്ടർമാരുടെ
ഉത്തരവിൻ പ്രകാരം
ഒപ്പ്/-
ലേഖ. ജി
കമ്പനി സെക്രട്ടറി ഇൻചാർജ്ജ്

സ്വീകർത്താവ് : ചീഫ് പബ്ലിക് റിലേഷൻസ് ഓഫീസർ.

പകർപ്പ് :
ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ ടി.എ/
സെക്രട്ടറി(കമ്പനി) /ഡെപ്യൂട്ടി ചീഫ്
എഞ്ചിനീയർ(ഐ.റ്റി)/എ.ജി./ലീഗൽ ലെയ്സൺ
ഓഫീസർ/ഫയൽ/ കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സീനിയർ സൂപ്രണ്ട്